# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6 09.03.2015-ൽ മറുപടിയ്ക്ക്

## വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ

| | ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.മാർക്ക് ലഭ്യമാക്കണമെന്ന ഉത്തരവുണ്ടായിട്ടും പല വകുപ്പുകളും ഈ ഉത്തരവ് പാലിക്കാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ; | | **(എ) യും (ബി) യും (സി) യും**<br><br>വികസനപ്രവർത്തനങ്ങളെ സംബന്ധിച്ചും നിയോജക മണ്ഡലത്തിലെ വികസനത്തെ സംബന്ധിച്ചുമുള്ള സർക്കാർ ഉത്തരവുകൾ എം.എൽ.എമാർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് പാർലമെന്ററികാര്യവകുപ്പിൽ നിന്നും 07.05.2008-ൽ പുറപ്പെടുവിച്ച 1294/എ.2/07/ പാ.കാ.വ നമ്പർ സർക്കുലറിലേയും പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും 21.11.2011-ൽ പുറപ്പെടുവിച്ച 77369/സിഡിഎൻ.4/ 11/പൊ.ഭ.വ നമ്പർ സർക്കുലറിലെയും നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും/വകുപ്പുതലന്മാർക്കും കർശന നിർദ്ദേശം നൽകി 11.06.2012-ൽ സ.ഉ (എം.എസ്) നം.142/12/പൊ.ഭ.വ നമ്പരായി ഉത്തരവ് നിലവിലുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഈ ഉത്തരവിനെ സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ തന്നെ വകുപ്പുകൾക്ക് അറിവില്ലാത്തതിനാലും അറിവുള്ള വകുപ്പുകൾ എം.എൽ.എ.മാർക്ക് ആമുഖ കത്ത് തയ്യാറാക്കുകയാണെന്നും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കും എന്നെല്ലാം പറഞ്ഞ് പകർപ്പ് ലഭ്യമാക്കാത്തതും പല വികസന പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്ന കാര്യത്തിൽ സൃഷ്ടിക്കുന്ന അനാവശ്യ കാലതാമസം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ; | | |
| (ഡി) | എം.എൽ.എ.മാർ മുഖാന്തിരം സമർപ്പിക്കപ്പെടുന്ന നിയോജക മണ്ഡലങ്ങളിൽ നിന്നുള്ള വ്യക്തിഗത അപേക്ഷകളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പുകൾ എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | എം.പി/എം.എൽ.എ.മാർ തുടങ്ങിയ ജനപ്രതിനിധികളിൽ നിന്ന് ലഭിക്കുന്ന നിവേദനങ്ങൾ/കത്തുകൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകണമെന്നും ഇത്തരം കത്തുകൾ ലഭിച്ച ഉടനെ തന്നെ അവ ലഭിച്ചതായുള്ള വിവരം കാണിച്ച് താൽക്കാലിക മറുപടി നൽകണമെന്നും പ്രസ്തുത കത്തുകളിലും നിവേദനങ്ങളിലും തീരുമാനമെടുക്കുമ്പോൾ അക്കാര്യം വിശദമാക്കിക്കൊണ്ടുള്ള അന്തിമ മറുപടി |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികൾക്ക് നൽകേണ്ടതാണെന്നും വ്യക്തമാക്കി 26.06.2013-ലെ 11743/ഉപ.സി.3/13/ഉഭപവ നമ്പർ സർക്കുലർ നിർദ്ദേശം എല്ലാ വകുപ്പുതലവന്മാർക്കും ജില്ലാ കളക്ടർമാർക്കും ഉദ്യോഗസ്ഥ ഭരണപരിഷ്കാര ഉപദേശ (സി) വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാ സാമാജികർക്ക് യഥാസമയം എത്തിക്കണമെന്ന പാർലമെന്ററികാര്യ (എ) വകുപ്പിൽ നിന്നുള്ള 06.02.2013-ലെ 2717/എ 2/12/പാകാവ നമ്പർ സർക്കുലർ നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ